LIBRARY ARCHIVES Kerala Legislative Assembly

ഭൂമികുലുക്കം മൂലം ജലവൈദ്യുത പദ്ധതികൾക്ക് ഉണ്ടായ ബലക്ഷയം

116 (341) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അടുത്തിടെയുണ്ടായ ഭൂമികുലുക്കത്തിൽ ഏതെല്ലാം ജലവൈദ്യുതപദ്ധതികളുടെ അണക്കെട്ടുകൾക്ക് ബലക്ഷയം ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ ബലക്ഷയം ജലവൈദ്യുത പദ്ധതികളെ എങ്ങിനെ ബാധിക്കുന്നുവെന്ന് വ്യക്തമാക്കാമോ ;

(സി) ഈ ബലക്ഷയം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) ഈ ഭൂമികുലുക്കത്തിൽ സംസ്ഥാനത്തെ ഒരു ജലവൈദ്യുത പദ്ധതിയുടേയും അണക്കെട്ടിന് ബലക്ഷയം ഉണ്ടായിട്ടില്ല. എന്നാൽ മുല്ലപ്പെരിയാർ അണക്കെട്ടിൽ ഭൂമി കുലുക്കത്തെത്തുടർന്ന് ചിലയിടങ്ങളിൽ വിള്ളലും മറ്റും വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഡാമിനുണ്ടായിട്ടുള്ള ഈ ബലക്ഷയം തമിഴ്നാട് സർക്കാരിന്റെയും കേന്ദ്ര സർക്കാരിന്റേയും ശ്രദ്ധയിൽകൊണ്ടുവരികയും സുപ്രീം കോടതിയിൽ നിലവിലുള്ള കേസിൽ കോടതിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുള്ള ആവശ്യമായ നടപടികൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്.

ബാലാനന്ദൻ കമ്മിറ്റി റിപ്പോർട്ട്

117 (342) ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാലാനന്ദൻ കമ്മിറ്റി റിപ്പോർട്ടിൽ പള്ളിവാസൽ ചെങ്കുളം, പന്നിയാർ എന്നീ പദ്ധതികളുടെ നവീകരണത്തെപ്പറ്റിയുള്ള നിർദ്ദേശങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത റിപ്പർട്ടിലെ നിർദ്ദേശം ഗവൺമെന്റ് സ്വീകരിച്ചുവോ ;

(സി) ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ ;

(ഡി) ഈ പദ്ധതികളുടെ നവീകരണം സംബന്ധിച്ച വർക്ക് ആർക്കാണ് നല്കിയത് ;

(ഇ) ടെൻഡർ വിളിച്ചശേഷമാണോ ഈ വർക്ക് അവാർഡ് ചെയ്തത് ;

(എഫ്) അല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ജി) എന്തു തുകയ്ക്കാണ് ഈ വർക്ക് നൽകിയത് ;

(എച്ച്) ഈ വർക്കുകളുടെ ജനറേറ്ററുകൾ മാറ്റുന്നതിന് മാത്രം ഭാരിച്ച തുക നല്കുന്നതെന്തുകൊണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഐ) ഇതേ കമ്പനിക്ക് സംസ്ഥാന വൈദ്യുതി ബോർഡിന്റെ മറ്റേതെങ്കിലും വർക്ക് നല്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ ;

(ജെ) പ്രസ്തുത കമ്പനിക്ക് ഈ വർക്ക് നല്കിയത് ടെൻഡറിന്റെ അടിസ്ഥാനത്തിലായിരുന്നുവോ ;

(കെ) എങ്കിൽ പ്രസ്തുത വർക്കിന് ടെൻഡർ സമർപ്പിച്ച ഓരോരുത്തരും കാട്ട് ചെയ്ത തുക എത്രയെന്ന് വ്യക്തമാക്കുമോ ;

(എൽ) പ്രസ്തുത വർക്കിന് ടെൻഡർ വിളിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ;

(എം) ഈ വർക്ക് എന്ത് തുകയ്ക്കാണ് നൽകിയത് ;

(എൽ) കുറ്റ്യാടി രണ്ടാംഘട്ട പദ്ധതിയുടെ ടെൻഡറിൽ എസ്.എൻ.സി. ലാവ്‌ലിൻ കാട്ട് ചെയ്തിരുന്നുവോ ;

(ഒ) എങ്കിൽ അവർ കാട്ട് ചെയ്ത തുക എത്രയായിരുന്നുവെന്ന് വെളിപ്പെടുത്തുമോ ;

(പി) പ്രസ്തുത പദ്ധതിയുടെ വർക്കിന് മറ്റാരെല്ലാം ടെൻഡർ സമർപ്പിച്ചിരുന്നു ; അവർ ഓരോരുത്തരും എത്ര തുക വീതമാണ് കാട്ട് ചെയ്തത് ;

(ക്യൂ) കുറ്റ്യാടി രണ്ടാംഘട്ട പദ്ധതിക്കുള്ള കാട്ടേഷൻ അംഗീകരിച്ചുവോ ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(ആർ) ഈ കാട്ടേഷൻ തുറന്നതെന്നാണെന്ന് വെളിപ്പെടുത്തുമോ ;

(എസ്സ്) ഈ കാട്ടേഷനുകൾ ഇവാലുവേറ്റ് ചെയ്തിരുന്നുവോ ;

(റ്റി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ചിലഘടകങ്ങൾ മാറ്റുകയും നവീകരണം നടത്തുകയും ചെയ്യണമെന്നായിരുന്നു ശുപാർശ.

(ബി&സി) ബാലാനന്ദൻ കമ്മിറ്റി ഗവൺമെന്റിന് റിപ്പോർട്ട് സമർപ്പിച്ചത് 2/97-ലാണ്. 10-8-1995-ൽ ഒപ്പുവെച്ച ധാരണാപത്രത്തെത്തുടർന്ന് 24-2-1996-ലാണ് പുനരുദ്ധാരണ ജോലികൾക്ക് എസ്.എൻ.സി.യുമായി കരാർ ഒപ്പു വെച്ചത്.

(ഡി) എസ്.എൻ.സി. ലാവലിൻ എന്ന കനേഡിയൻ കമ്പനിക്ക്.

(ഇ) അല്ല.

(എഫ്) 10-8-1995-ൽ ഒപ്പുവെച്ച ധാരണാപത്രത്തിന്റെയും 24-2-1996-ൽ ഒപ്പുവെച്ച കരാറിന്റെയും അടിസ്ഥാനത്തിലാണ് വർക്ക് അവാർഡ് ചെയ്തത്.

(ജി) 59.948 ദശലക്ഷം കനേഡിയൻ ഡോളർ.

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) പ്രസ്തുത കരാർപ്രകാരം ജനറേറ്ററുകൾ മാറ്റുകയല്ല ചെയ്യുന്നത്. ഒട്ടേറെ ഉപകരണങ്ങൾ മാറ്റി നവീകരണം നടത്തുകയാണ്. മാത്രമല്ല കരാർ തുക അന്തർദേശീയ നിലവാരമനുസരിച്ച് കൂടുതലല്ലെന്ന് കേന്ദ്രഗവൺമെന്റ് സ്ഥാപനമായ എൻ.എച്ച്.പി.സി. നടത്തിയ ഒരു താരതമ്യപഠന റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്.

(ഐ) കുറ്റ്യാടി വിപുലീകരണ പദ്ധതി ഒന്നാംഘട്ടത്തിന്റെ ജോലികൾ നല്കിയിട്ടുണ്ട്.

(ജെ-എൽ) 29-5-1995-ൽ ഒപ്പുവച്ച കരാറിന്റെ അടിസ്ഥാനത്തിൽ കൺസൾട്ടൻസി ജോലിയും യന്ത്രോപകരണങ്ങൾ നൽകുന്ന ജോലിയും 24-2-1996-ലെ അനുബന്ധ കരാർപ്രകാരവും നൽകുകയുണ്ടായിട്ടുള്ളത്.

(എം) മൊത്തം കരാർ തുക 31.3 ദശലക്ഷം കനേഡിയൻ ഡോളർ.

(എൻ) ചെയ്തിരുന്നു.

(ഒ) ദർഘാസുകളുടെ വിലയിരുത്തൽ പൂർത്തിയായി. വർക്ക് അവാർഡ് ചെയ്യുന്നതിനുള്ള നടപടി അന്തിമ ഘട്ടത്തിലാണ്.

(പി) 1. ട്രാക്ടബൽ എഞ്ചിനീയറിംഗ് ഇന്റർനാഷണൽ

2. സി.എച്ച്.ഇ.എൽ. ആന്റ് എൽ. ആന്റ് റ്റി. കൺസോർഷ്യം.

3. സി.എം.ഇ.-സി.സി.ഡബ്ല്യു.-എച്ച്.ഇ.സി. ഈ ദർഘാസുകളുടെ വിലയിരുത്തൽ പൂർത്തിയായവർക്ക് അവാർഡ് ചെയ്യുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്.

(ക്യു) കമ്മീഷനുകൾ അംഗീകരിക്കുന്നതിനുള്ള നടപടി അവസാനഘട്ടത്തിലാണ്.

(ആർ) പ്രൈസ് വിത്ത് 17-4-2000-ലാണ് തുറന്നത്.

(എസ്&റ്റി) ഇവാല്യൂവേറ്റ് ചെയ്യുകയുണ്ടായി.

കണ്ണൂർ താപവൈദ്യുത നിലയം

118 (343) ശ്രീ. തമ്പാനൂർ രവി :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. കെ. പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആരംഭിക്കുന്ന താപവൈദ്യുത നിലയങ്ങൾക്ക് നാഫ്ത അനുവദിക്കുന്നതുസംബന്ധിച്ച സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിന് നൽകിയ ശുപാർശയെ ചോദ്യം ചെയ്തുകൊണ്ട് പാലക്കാട് കഞ്ചിക്കോട് വ്യവസായ മേഖലയിൽ പ്രവർത്തിക്കുന്ന ഡബ്ല്യു.ഐ.എസ്.ഇ. എന്ന കമ്പനി സുപ്രീംകോടതിയിൽ കേസ് ഫയൽ ചെയ്തിരുന്നോ ;

LIBRARY ARCHIVES Kerala Legislative Assembly